ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/498/റ്റിസി/2017

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

**തീയതി: 21.03.2019**

## സർക്കുലർ നം. 03/2019

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹൻ-4 നടപ്പിൽ വരുന്ന സാഹചര്യത്തിൽ പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ മാർക്ക് റിസർവ്വ് ചെയ്യുന്നതിനും ലേലം നടത്തുന്നതിനുമായുള്ള നടപടിക്രമങ്ങൾ — സംബന്ധിച്ച്.

സൂചന :- വാഹൻ-4 നടപ്പിൽ വരുന്നത് സംബന്ധിച്ച്.

വാഹൻ-4 നടപ്പിൽ വരുമ്പോൾ പുതിയ വാഹനത്തിന്റെ രജിസ്ട്രേഷൻ മാർക്ക് റിസർവ്വ് ചെയ്യുന്നതിലും ലേലം നടത്തുന്നതിലുമുള്ള നടപടി ക്രമങ്ങളിൽ മാറ്റങ്ങൾ വരുന്നുണ്ട്. പ്രധാനമായും പാലിക്കപ്പെടേണ്ട മാറ്റങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

ഈ ഓൺലൈൻ സംവിധാനത്തിലെ പ്രധാന പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

1. നമ്പർ റിസർവ്വ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന വ്യക്തി ഒരു പുതിയ വാഹനത്തിന്റെ ഉടമയോ, മറ്റു സംസ്ഥാനത്തിൽ നിന്നും മൈഗ്രേറ്റ് ചെയ്യുവാനുള്ള വാഹനത്തിന്റെ ഉടമയോ ആയിരിക്കണം.
2. അപേക്ഷകൻ വാഹൻ-4 —ലെ ഫാൻസി മോഡ്യൂളിൽ ഒരു യൂസർ ആയി സ്വയം രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ആദ്ദേഹത്തിന്റെ ഇ-മെയിൽ ആയിരിക്കും യൂസർ ഐ.ഡി. പാസ്‌വേർഡ് ഈ ഇ-മെയിൽ വിലാസത്തിൽ രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ ലഭ്യമാകുന്നതാണ്.
3. ഈ യൂസർ ഐ.ഡി. യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ബന്ധപ്പെട്ട ഓഫീസ് സെലക്ട് ചെയ്യുമ്പോൾ റിസർവ്വ് ചെയ്യുന്നതിന് ലഭിച്ച നമ്പരുകൾ കാണുന്നു. ഇഷ്ടമുള്ള നമ്പർ സെലക്ട് ചെയ്ത് ഓൺലൈൻ മുഖാന്തിരം ഫീസ് ഒടുക്കി നമ്പർ റിസർവ്വ് ചെയ്യാവുന്നതാണ്.
4. എല്ലാ തിങ്കളാഴ്ചയും രാവിലെ 10.30 മുതൽ ശനിയാഴ്ച വൈകന്നേരം 4.30 വരെ നമ്പർ റിസർവേഷൻ ചെയ്യാവുന്നതാണ്. 4.30 മണിയോടുകൂടി നമ്പർ ബുക്കിംഗ് അവസാനിക്കും.
5. എല്ലാ ശനിയാഴ്ചയും വൈകന്നേരം 5.00 മുതൽ തിങ്കളാഴ്ച രാവിലെ 10.00 വരെ ലേല നടപടികൾ ഓൺലൈനായി ചെയ്യുവാൻ കഴിയും. ഒരു നമ്പരിന് ഒരു ആൾ മാത്രമേ റിസർവ്വ് ചെയ്തിട്ടുള്ളുവെങ്കിൽ തിങ്കളാഴ്ച അയാൾക്ക് തന്നെ നമ്പർ ലഭ്യമാകുന്നതാണ്.

6. നമ്പർ റിസർവ്വ് ചെയ്ത അപേക്ഷകൻ ലേലം നടക്കുന്ന സമയത്ത് ആദ്ദേഹം രജിസ്റ്റർ ചെയ്ത യൂസർ ഐ.ഡി ഉപയോഗിച്ച് ലോഗിൻ ചെയ്യുകയും ഒന്നിലധികം അപേക്ഷകർ അദ്ദേഹത്തിന്റെ നമ്പരിന് ഉണ്ടെങ്കിൽ ലേലത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു.
7. ലേലം കഴിയുന്ന മുറയ്ക്ക് വിജയിക്കും, പരാജിതനും അതിനനുസൃതമായ മെസേജുകൾ ലഭ്യമായിരിക്കും.
8. വിജയി ബാക്കി തുക ഓൺലൈൻ ആയി ഒടുക്കി 5 ദിവസങ്ങൾക്കകം വാഹനം രജിസ്റ്റർ ചെയ്യേണ്ടതാണ്.
9. വിജയി അല്ലാത്ത ആൾ റീഫണ്ടിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ ആയി ഇ-ട്രെഷറി മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
10. ഒരു വാഹനത്തിന് ഒന്നിലധികം നമ്പർ റിസർവ്വ് ചെയ്യാം, എന്നാൽ രണ്ടു നമ്പറിലും അദ്ദേഹം തന്നെ വിജയിയാണെങ്കിൽ ഇതിൽ ഒരു നമ്പർ അദ്ദേഹത്തിന്റെ വാഹനത്തിനായി തിരഞ്ഞെടുക്കാവുന്നതും മറ്റേ നമ്പരിനായി അടച്ച രൂപ തിരികെ കിട്ടുന്നതല്ലായിരിക്കുകയും, മറ്റേ നമ്പർ മറ്റൊരാൾക്ക് റിസർവ്വ് ചെയ്യാവുന്നതുമായിരിക്കും.
11. എല്ലാ നടപടികളും പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനാൽ വിജയിയായ വ്യക്തി ബാക്കി ലേല തുക ഒടുക്കിയിട്ടില്ലായെങ്കിൽ ആയത് ലേലത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവർക്ക് യഥാസമയം അറിയുവാൻ കഴിയുന്നതല്ല. ആയതിനാൽ, വിജയി ബാക്കി തുക അടയ്ക്കുന്നില്ല എങ്കിൽ രണ്ടാമത്തെ ആൾക്ക് ഈ നമ്പർ, തുക അടയ്ക്കുന്ന മുറയ്ക്ക് ലഭ്യമാകും എന്ന വ്യവസ്ഥ നടപ്പാക്കുവാൻ കഴിയുന്നില്ല. ആയതിനാൽ, ഈ സാഹചര്യം ഉണ്ടായാൽ ആ നമ്പരിനായി വിജയി അതുവരെ മുടക്കിയ തുക സർക്കാരിലേക്ക് മുതൽ കൂട്ടാവുന്നതും, ആ നമ്പർ ലാപ്സ് ആകുകയും വീണ്ടും മറ്റു നമ്പരുകൾക്കൊപ്പം റിസർവേഷനായി ലഭ്യമാവുകയും ചെയ്യുന്നതായിരിക്കും.
12. ഒരു സീരീസ് തീരുമ്പോൾ റിസർവ്വ് ചെയ്യപ്പെടാതെ കിടക്കുന്ന നോട്ടിഫൈഡ് നമ്പറുകൾ ഒരാഴ്ചത്തേഴ്ക്ക് കുറഞ്ഞ തുകയായ 3000 രൂപയ്ക്ക് റിസർവ്വ് ചെയ്യാവുന്നതും, എന്നിട്ടും റിസർവ്വ് ചെയ്യാതിരിക്കുന്ന നമ്പറുകൾ സാധാരണ പോലെ മറ്റ് വാഹനങ്ങൾക്ക് റിസർവേഷൻ ഫീ ഇല്ലാതെ തന്നെ നൽകുന്നതുമായിരിക്കും.

(ഒപ്പ്/-)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ